7. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 1981-82-ലേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റും 1980-81-ലേയ്ക്കുള്ള ഉപധനാഭ്യർഥനകളുടെ സ്റ്റേറ്റുമെന്റും.

8. കേരള ഗവൺമെന്റിന്റെ 1979-80 ലെ കംട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് (കോമേർഷ്യൽ)

സർ, താഴെപ്പറയുന്ന കടലാസ്സുകൾ കൂടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

9. 1981 മേയ് 2-ാം തീയതിയിലെ ജി. ഒ. (പി) 264/81/ഫിനാൻസ് (എസ്. ആർ. ഒ. നമ്പർ 602/81).

10. 1981 ഏപ്രിൽ 2-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 216/81/ഫിനാൻസ് (എസ്. ആർ. ഒ. നമ്പർ 626/81).

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. 1979 ഒക്ടോബർ 5-ാം തീയതി പാലായിൽ വിദ്യാർത്ഥികളും ട്രാൻസ്പോർട്ട് ജോലിക്കാരും പോലീസും തമ്മിൽ സംഘർഷം നടന്ന സംഭവത്തെക്കുറിച്ചും പോലീസ് നടത്തിയ ബലപ്രയോഗത്തെക്കുറിച്ചുമുള്ള അന്വേഷണക്കമ്മീഷന്റെ റിപ്പോർട്ടും അതിൻമേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ടവും.

2. 1980 ജൂലായ് 30-ാം തീയതി മലപ്പുറത്ത് പോലീസ് നടത്തിയ ബലപ്രയോഗത്തെക്കുറിച്ചും വെടിവെയ്പിനെക്കുറിച്ചുമുള്ള അന്വേഷണക്കമ്മീഷൻ റിപ്പോർട്ടും അതിൻമേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ടവും.

3. കേരള കാർഷിക സർവ്വകലാശാലയുടെ 1979-80 ലെ വാർഷിക റിപ്പോർട്ടും അതിന്റെ (പ്രസ്തുത റിപ്പോർട്ടിന്റെ) മലയാളത്തിലുള്ള സംക്ഷിപ്തവും ഗവൺമെന്റിന്റെ അഭിപ്രായത്തോടുകൂടി.

സർ, താഴെപ്പറയുന്ന കടലാസ്സുകൾകൂടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

4. 1981 ജൂൺ 26-ാം തീയതിയിലെ ജി. ഒ. (എം. എസ്) 243/81/എ. ഡി. (എസ്. ആർ. ഒ. നമ്പർ 819/81).

5. 1981 ആഗസ്റ്റ് 6-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 8175/എഫ്. എസ്. 2/81 എം. ഡി. (എസ്. ആർ. ഒ. നമ്പർ 932/81).

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. 1981 ജൂലായ് 22-ാം തീയതിയിലെ ജി. ഒ. എം. എസ്. 60/81/ഹൗസിംഗ് (എസ്. ആർ. ഒ. നമ്പർ 957/81).

2. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 1978-79-ലെ ആഡിറ്റ് റിപ്പോർട്ട്.

ആരോഗ്യവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആർ. സുന്ദരേശൻ നായർ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1979-ലെ പതിമൂന്നാം വാർഷിക റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം.

2. കേരള സംസ്ഥാന ജല മലിനീകരണ നിവാരണ-നിയന്ത്രണ ബോർഡിന്റെ 1978-79 ലെ വാർഷിക റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി ചില കമ്മിഷൻ റിപ്പോർട്ടുകളെപ്പറ്റിയും ഗവൺമെൻറിന്റെ ഫോളോ അപ്പ് ആക്ഷനെപ്പറ്റിയും പറഞ്ഞു. കമ്മിഷൻ റിപ്പോർട്ടുകൾ പ്രധാനപ്പെട്ട റിപ്പോർട്ടുകളാണ്. കമ്മിഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ച് ഉണ്ടായ റിപ്പോർട്ടുകളാണ്. പബ്ലിക് ഇംപോർട്ടൻസ് ഉള്ളതാണ്. ഇതിന്റെ കോപ്പി അംഗങ്ങൾക്കു വിതരണം ചെയ്തിട്ടില്ല. വിതരണംചെയ്യാൻ ഏർപ്പാടു ചെയ്യണം. അതോടൊപ്പം, അടുത്തകാലത്ത് വളരെ ഒച്ചപ്പാടുണ്ടാക്കിയ സോമൻ വധക്കേസ് സംബന്ധിച്ച് സക്കറിയാ മാത്യു അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിച്ചു. അതിൻമേൽ ഗവൺമെൻറ് നടപടി വല്ലതും നടത്തിയോ? അത് ഇവിടെ കാണുന്നില്ല. അതുകൂടി മേശപ്പുറത്തുവയ്ക്കാൻ അങ്ങ് ദയവായി ഏർപ്പാടു ചെയ്യണം.

ശ്രീ. ഉമ്മൻചാണ്ടി : സർ, സക്കറിയാ മാത്യു കമ്മിഷൻ റിപ്പോർട്ട് (സോമൻ വധക്കേസ് സംബന്ധിച്ചുള്ളത്) മേശപ്പുറത്തു വയ്ക്കാൻ ഗവൺമെൻറ് തയ്യാറാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെംബർ ഉന്നയിച്ച ഒരു കാര്യം മേശപ്പുറത്തു വയ്ക്കുന്ന കമ്മിഷൻ റിപ്പോർട്ടുകളുടെയും മറ്റു കടലാസുകളുടെയും കോപ്പികൾ ബഹുമാനപ്പെട്ട മെംബർമാരാവശ്യപ്പെടുകയാണെങ്കിൽ അത് എത്തിച്ചുകൊടുക്കണം. ഈ റിപ്പോർട്ടുകളുടെ കാര്യത്തിൽ, ബഹുമാനപ്പെട്ട മെംബർമാരാവശ്യപ്പെട്ട റിപ്പോർട്ടുകൾ എത്രയും വേഗം എത്തിച്ചുകൊടുക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ കഴിഞ്ഞദിവസം അഖിലേന്ത്യാ റേഡിയോയുടെ പേരിൽ ഒരു പ്രിവിലേജ് നോട്ടീസ് നൽകിയിരുന്നു. 29-ാം തീയതി ഗവർണർ നടത്തിയ പ്രസംഗത്തെപ്പറ്റി തെറ്റായ പ്രക്ഷേപണം വൈകുന്നേരം നടത്തിയതിനെപ്പറ്റിയാണ്. ഈ സഭയേയും നാട്ടുകാരെയും തെറ്റിദ്ധരിപ്പിച്ചു. അങ്ങനെയൊരു പ്രിവിലേജ് നോട്ടീസ് ആണ്. അത് അങ്ങയുടെ പരിഗണനയിലുണ്ട്. നാളെ സഭ പിരിയുകയാണ്. അതിനു മുൻപ് ചർച്ചചെയ്യണമെന്നുള്ള താൽപര്യംകൊണ്ടാണ് ഞാനീ പ്രശ്നമുന്നയിക്കുന്നത്. അങ്ങു ദയവായി ഇതിൽ എന്തു നടപടിയെടുത്തുവെന്ന് പറയണം. വളരെ പ്രധാനപ്പെട്ട ഒരു പ്രിവിലേജ് പ്രശ്നം ഉൾക്കൊള്ളുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെംബർക്കറിയാവുന്നതുപോലെതന്നെ പ്രിവിലേജ് മോഷൻ സംബന്ധിച്ച നടപടിക്രമങ്ങളുണ്ട്. പ്രിവിലേജ് മോഷൻ കിട്ടിയിട്ടുണ്ട്. ആ നടപടിക്രമങ്ങളനുസരിച്ച് പരിശോധിച്ചു വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സഭയിൽ പരാമർശിക്കരുതാത്ത ചില കാര്യങ്ങൾ കഴിഞ്ഞ നിയമസഭയിൽ പരാമർശിക്കുകയുണ്ടായി. ആ കാര്യങ്ങൾ പത്രങ്ങളിൽ വരികയും മുഴുവൻ മെമ്പർമാരുടെയും വ്യക്തിത്വത്തെവരെ ചോദ്യം ചെയ്യത്തക്കരീതിയിൽ നിയമസഭാ സാമാജികരെ കളിയാക്കിക്കൊണ്ട് പത്രങ്ങളിൽ ലേഖനങ്ങൾ വരികയുമുണ്ടായി. ചില പത്രങ്ങളിൽ എഡിറ്റോറിയൽ വരെ ഉണ്ടായി.

മി. സ്പീക്കർ : വേഗം പറഞ്ഞുതീർക്കണം.

ശ്രീ. പി. സി. ജോർജ് : എന്താണ് ആ കേസെന്ന് ഇനിയും ഞാൻ വിശദീകരിക്കുന്നില്ല. നമുക്കെല്ലാവർക്കും അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : അറിയാമെന്നു പറയുന്നു. ഞങ്ങൾക്കറിയില്ല.

ശ്രീ. സി. ബി. സി. വാര്യർ : കുട്ടിയുടെ കണ്ണും മൂക്കും ശ്രീ. ജോർജിനേറതുപോലിരിക്കുന്നു. എന്ന പ്രശ്നമാണോ.

ശ്രീ. പി. സി. ജോർജ് : എനിക്കെതിരായിവന്ന കേസു ഞാൻ വിശദീകരിക്കുന്നില്ല. സഭയിൽ ഞാൻ പറഞ്ഞതാണ്. ഞാൻ നിരപരാധിയാണെന്നും കള്ളക്കേസാണെന്നും ഞാൻ പറഞ്ഞു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെംബർ വേഗം തീർക്കണം.

ശ്രീ. പി. സി. ജോർജ് : പാലാ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടുകോടതിയിൽനിന്ന് ജഡ്ജ്മെൻറ് ആ കേസു സംബന്ധിച്ചുണ്ടായിട്ടുണ്ട്. അതിൽ ഒരു സെൻറൻസ് മാത്രം ഞാൻ വായിക്കാം.

The petition is dismissed. I have no doubt to hold that this is a false petition filed by PW1 to harass insult and defame the counter petitioner. Filing false petition against respectable persons must be discouraged. Hence PW1 should pay Rs. 250 to the counter petitioner as costs. under Section 126 (3) Cr. P. C. for the expenses he met for conducting the case. ഇതാണ് പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ : വേഗം അവസാനിപ്പിക്കണം.

ശ്രീ. പി. സി. ജോർജ് : സർ, എനിക്കൊരു കാര്യം മാത്രമേ പറയാനുള്ളൂ. മേലാലെങ്കിലും ഉത്തരവാദപ്പെട്ട നിയമസഭാ സാമാജികൻമാരുടെ പേരിൽ ഇത്തരം കള്ളക്കേസുകൾ കെട്ടിച്ചമയ്ക്കാൻ ആരും തുനിയരുത്. അതു നമുക്കെല്ലാപേർക്കും നാണക്കേടാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, അതു മേശപ്പുറത്തുവയ്ക്കണം.

മി. സ്പീക്കർ : ഇവിടെ അദ്ദേഹത്തെക്കുറിച്ചു ചില പരാമർശങ്ങൾ കഴിഞ്ഞ ദിവസം നടന്നുവെന്നും അതുകൊണ്ട് ഒരു വാക്കുപറയാനനുവദിക്കണമെന്നാവശ്യപ്പെട്ടതനുസരിച്ച് സമയം കൊടുത്തതാണ്. അതു കഴിഞ്ഞിരിക്കുന്നു.

ശ്രീ. എം. വി. രാഘവൻ : സർ, എൻറെ സ്നേഹിതൻ ശ്രീ. പി. സി. ജോർജ് ഇവിടെ ഏതോ കോടതി വിധി വായിച്ചു. എന്താണെന്ന് വ്യക്തമായില്ല. അദ്ദേഹത്തെപ്പറ്റിയുള്ള കേസെന്നാണു പറഞ്ഞത്. ഒരു തർക്കമുണ്ടായിരുന്നു. മാണിയുടെ കണ്ണും ലൂക്കോസിൻറെ മൂക്കും ആണെന്നും അതല്ല പി. സി. ജോർജിൻറെ കണ്ണും മൂക്കും ആണെന്നും. അതിനെപ്പറ്റി എന്തെങ്കിലും വിധിയിൽ പരാമർശിച്ചിട്ടുണ്ടോ? അതൊന്നു മേശപ്പുറത്തു വച്ചാൽ തരക്കേടില്ല.

ശ്രീമതി കെ. ആർ. ഗൗരി : സർ, നിയമസഭയിൽ ഏതെങ്കിലും രേഖയുദ്ധരിച്ചാൽ മേശപ്പുറത്ത് വയ്ക്കണമെന്നാണ്. അതനുസരിച്ച് അതു മേശപ്പുറത്തു വയ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly